**Mr. T. A. Ramachandra Ayyar.**—Will not the Comptroller be able to say ?

**Mr. P. V. Subramania Ayyar.**—I cannot say off-hand.

## Advance increment sanctioned in the last 4 years.

**128. Mr. K. T. Mathew.**—Will the Government be pleased to mention (a) the names of officers who were given special increments of salary (for increment in excess of periodical increment attached to their posts) in the last four years without promoting them to posts drawing higher salary; (b) the reason for giving such increments; (c) the amount of increment given in each case?

**Rama Varmha Tampuran.**—A statement containing the available information is appended. (*Appendix VI*).

## The Cotton Hostel—appointment of Warden.

**129.** മിസ്റ്റർ കെ. പി. വള്ളോൻ.—അധ്യക്ഷക്കവേണ്ടി തൃശ്ശിവപേരൂർ സ്ഥാപിച്ചിട്ടുള്ള കോട്ടൻ ഹോസ്റ്റലിൽ താമസിച്ചു പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്കു് മാസം എത്ര ഉരുപ്പിക സ്റ്റൈപ്പെൻഡു് കൊടുക്കുന്നുണ്ടു്;

ഹോസ്റ്റലിൽ മാസം എത്ര ചിലവുണ്ടു്;

ഹോസ്റ്റലിൽ താമസിച്ചു പഠിച്ചിരുന്ന വിദ്യാർത്ഥി വാർഡനു് (കരാട്ടുപറമ്പിൽ മിസ്റ്റർ കേശവനു്) എത്ര ക. അലവൻസു് കൊടുത്തിരുന്നു;

ടിയാൻ സ്കൂൾ പൂട്ടി വീട്ടിൽ പോയിരുന്ന ഒഴിവിൽ നിയമിയ്ക്കപ്പെട്ട വാർഡൻ ഏതു സമുദായത്തിൽപ്പെട്ട ആളാണു്?

രാമവർമ്മതമ്പുരാൻ.—ഹോസ്റ്റലിൽ താമസിയ്ക്കുന്ന വിദ്യാർത്ഥികൾക്കു് സ്റ്റൈപ്പെൻഡു് കൊടുക്കുന്നില്ല. മാസം ഒരാൾക്കു ഉ ക. ഭക്ഷണച്ചിലവുണ്ടു്.

വാർഡനു് മാസത്തിൽ ഫ ഉ ക. അലവൻസു് ഉണ്ടു്.

വാർഡൻ സ്കൂൾ പൂട്ടിപ്പോയ അവസരത്തിൽ പകരം ആരേയും വാർഡനായി നിയമിച്ചിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇപ്പോഴും കരാട്ടുപറമ്പിലെ കേശവൻ എന്ന വിദ്യാർത്ഥി തന്നെയാണോ ആ ഹോസ്റ്റലിലെ വാർഡൻ?

രാമവർമ്മതമ്പുരാൻ.—അന്വേഷിച്ചു വേണം പറയുവാൻ. ആരാണെന്നു നിശ്ചയമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ആ വാർഡനായ ഇഴഞ്ഞവിദ്യാർത്ഥിയ്ക്കു് ഫ ഉ രൂപാ കൊടുത്തുവരുന്നതു് ശമ്പളമോ, അലവൻസോ?

രാമവർമ്മതമ്പുരാൻ.—അലവൻസാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. വള്ളോൻ.—വേറെ ആളുകളില്ലാത്തതു കൊണ്ടാണോ ഒരു വിദ്യാർത്ഥിയെ പിടിച്ചു വച്ചിരിയ്ക്കുന്നതു്?

രാമവമ്മതമ്പുരാൻ.—വേറെ ആളുകളും അപേക്ഷിച്ചിട്ടുണ്ടായിരുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ.—ബി. എ. ക്ലാസിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികളിൽ ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഈ ആപ്പീസു മുമ്പു് പ്രൊട്ടക്ടരുടെ ആഫീസിൽ ജോലിയുണ്ടായിരുന്നുവെന്നു വിചാരിച്ചാണു കൊടുത്തതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—എന്തു ജോലിയാണുണ്ടായിരുന്നതു്?

രാമവമ്മതമ്പുരാൻ.—ക്ലാക്കിന്റെ ജോലിയായിരിയ്ക്കണം. എന്തുജോലിയാണെന്നു നിശ്ചയമില്ല.

## Appointment of Warden in the Mala Valiaparamba Colony.

130. മിസ്റ്റർ കെ. പി. വള്ളോൻ.—മാള വലിയപറമ്പു കോളനിയിൽ വാർഡനായിരുന്ന ബ്രിട്ടീഷുകാരൻ രാമനു പകരം നിയമിക്കപ്പെട്ടിട്ടുള്ള ആൾ ആര്; ഏതു സമുദായത്തിൽ പെട്ടവൻ; ഫ്രഞ്ച്-ൽ ടി കോളനിയിൽ ഉള്ള വീടുപണികൾ കൺട്രാക്ടു് കൊടുത്തിട്ടുള്ളതു ആക്കാണു്; സ്ഥലത്തെ അധികൃത കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്കു ടി കൺട്രാക്ടു് കൊടുക്കുവാനുള്ള കാരണമെന്തു്?

രാമവമ്മതമ്പുരാൻ.—മാള കോളനി വാർഡനായിരിയ്ക്കുന്നതു് സ്ഥലം പൈമനൽ പാസ്സായ ടി. കെ. രാമകൃഷ്ണൻ എന്ന ആ ദേശക്കാരനായ ഒരു തിയ്യനെയാണു്. ഈ ആൾ അധികൃത കോ-ഓപ്പറേറ്റീവ് സംഘം സിക്രട്ടറിയുമാണു്. ഈ സിക്രട്ടറിയ്ക്കാണു് വീടു പണിയാനുള്ള കൺട്രാക്ടു് കൊടുത്തിട്ടുള്ളതു്. സംഘം അംഗങ്ങൾക്കു് വേലയ്ക്കു ഒരു മാർഗ്ഗം ഉണ്ടാകുവാൻ വേണ്ടിയാണു് സംഘത്തിലേയ്ക്കു കൺട്രാക്ടു് കൊടുത്തതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—സൊസൈറ്റി അംഗങ്ങൾക്കു് ആദായമുണ്ടാക്കുവാനാണു് കൺട്രാക്ടു് കൊടുത്തിട്ടുള്ളതെങ്കിൽ എന്തുകൊണ്ടു് സൊസൈറ്റിയ്ക്കു കൊടുത്തില്ല?

രാമവമ്മതമ്പുരാൻ.—ഇനി മേലാൽ കൺട്രാക്ടുകളെല്ലാം ആക്ഷൻ ചെയ്തിട്ടേ കൊടുക്കുവാൻപാടുള്ളു എന്നു് ആർഡറായിട്ടുണ്ടു്. ഇതുവരെ കൊടുത്തുവന്നതു് പണ്ടത്തെ ആർഡർ അനുസരിച്ചായിരുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ.—അധികൃതക്കു് ഒരു സൊസൈറ്റിയുള്ളപ്പോൾ പ്രത്യേകിച്ചു് വേറെ ഒരാൾക്കു കൊടുക്കുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly